പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ.254

21.6.2012ൽ
മറുപടിക്ക്

# നദികളിൽ റിസോഴ്സ് മാപ്പിംഗ് പദ്ധതി

ചോദ്യം
ശ്രീ.ഷാഫി പറമ്പിൽ :
ശ്രീ.പാലോട് രവി :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.എം.പി.വിൻസെന്റ് :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നദികളിൽ റിസോഴ്സ് മാപ്പിംഗ് നടത്താനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) | ഉണ്ട് ; 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ 16-ാം സെക്ഷൻ അനുസരിച്ച് സർക്കാരിന്റെ 5.2.2011-ലെ സ.ഉ.(സാധ)868/2011/റവന്യൂ പ്രകാരം കരമനയാറിന്റേയും 2.4.2011-ലെ സ.ഉ.(കൈ)161/2011/റവന്യൂ പ്രകാരം ഭാരതപ്പുഴ, വാമനപുരം, ചാലക്കുടി, കബനി എന്നീ നദികളുടേയും റിസോഴ്സ് മാപ്പിംഗ് പൈലറ്റ് സ്റ്റഡിയായി നടത്തുന്നതിനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളതും ആയത് ഏകദേശം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഇപ്പോൾ ടി നദികളുടെ സാന്റ് ആഡിറ്റും നടന്നു വരുന്നു. 21.4.2012-ലെ ജി.ഒ.(എം.എസ്)161/12/റവന്യൂ, 5.5.2012-ലെ ജി.ഒ.(എം.എസ്)188/12/റവന്യൂ, ഉത്തരവുകൾ പ്രകാരം 13 നദികളിൽ കൂടി റിസോഴ്സ് മാപ്പിംഗ് നടത്തുന്നതിന് അനുമതി നൽകുകയും ആയത് നടന്നു വരുകയും ചെയ്യുന്നു. വിശദ വിവരം **അനുബന്ധം** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) | നദികളുടേയും നദീതീരങ്ങളുടേയും ജൈവ - ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുക, കടവുകളിൽ നിന്ന് എടുക്കാവുന്ന മണലിന്റെ അളവ് നിശ്ചയിക്കുക എന്നിവയാണ് റിസോഴ്സ് മാപ്പിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ പദ്ധതിയിൽ എല്ലാ നദികളേയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | സംസ്ഥാനത്തെ പ്രധാന നദികളെ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിൽ ഏതെല്ലാം ഏജൻസികളാണ് പങ്കെടുക്കുന്നത്; ഇവരെ ഏകോപിപ്പിക്കുന്നത് ആരാണ് ; വിശദമാക്കുമോ **?** | (ഡി) | നിലവിൽ പങ്കെടുക്കുന്ന ഏജൻസികളുടെ വിവരം **അനുബന്ധമായി** ചേർത്തിട്ടുണ്ട്. ; റിവർമാനേജ്മെന്റ് ഫണ്ടിന്റെ സംസ്ഥാന ഉന്നതതല സമിതിയുടെ അനുമതിയോടെ നദികളുടെ റിസോഴ്സ് മാപ്പിംഗിന് റിട്ട.എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ) ശ്രീ.മധുസൂദനനെ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തി-യിട്ടുണ്ട്. കൂടാതെ റിസോഴ്സ് മാപ്പിംഗിന്റെ സുഗമമായ നടത്തിപ്പിനായി സർക്കാരിന്റെ 21.4.2012-ലെ സ.ഉ.(കൈ)161/2011/റവന്യൂ പ്രകാരം ശ്രീ.മധുസൂദനനെ സഹായിക്കുന്നതിനായി [illegible] മൂന്നു മാസക്കാലയളവിലേയ്ക്ക് റിവർ മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുമുണ്ട്. |

Kajeem

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| നദി | റിവർ മാപ്പിംഗ് നടത്തുന്ന സ്ഥാപനം |
|---|---|
| ഭാരതപ്പുഴ | മൈത്രി, പാലക്കാട് |
| വാമനപുരം | കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം |
| ചാലക്കുടി | റിവർ റിസർച്ച് സെന്റർ, തൃശ്ശൂർ |
| കബനി | ഫേർണ്സ് നാച്യുറലിസ്റ്റ് സൊസൈറ്റി, വയനാട് |
| കരമന | മാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം |
| നെയ്യാർ | യൂണിവേഴ്സിറ്റി കോളേജ്, (ജോഗ്രഫി വിഭാഗം), തിരുവനന്തപുരം |
| ഇത്തിക്കര | സെസ്സ്, തിരുവനന്തപുരം |
| പെരിയാർ | സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവിറോൺമെന്റ് സ്റ്റഡീസ്, എറണാകുളം |
| പമ്പ | സീ-ഗ്രാഫ്, പാളയം, തിരുവനന്തപുരം |
| അച്ചൻകോവിൽ | മുസലിയാർ എഞ്ചിനീയറിംഗ് കോളേജ്, പത്തനംതിട്ട. |
| കല്ലട | അഗ്രിക്കൾച്ചറൽ ആന്റ് എക്കോ സിസ്റ്റം മാനേജ്മെന്റ്, തിരുവനന്തപുരം |
| മൂവാറ്റുപുഴ | ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട |
| മീനച്ചിൽ | സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം |
| ചാലിയാർ | സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡെവലപ്പ്മെന്റ്, തൃശ്ശൂർ |
| കടലുണ്ടി | തിജസ്സൻ, കൊച്ചി |
| വളപട്ടണം | സെന്റർ ഫോർ എൻവിറോൺമെന്റ് ആന്റ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരം |
| ചന്ദ്രഗിരി | ഭാരത് സേവക് സമാജ്, തിരുവനന്തപുരം |
| കുറ്റ്യാടി | ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, തിരുവനന്തപുരം |
| കരുവന്നൂർ | റിവർ റിസർച്ച് സെന്റർ, തൃശ്ശൂർ |
| അഞ്ചരക്കണ്ടി | ഉരുളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കണ്ണൂർ |